പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2265

18.6.2013 ൽ
മറുപടിയ്ക്ക്

## സംസ്ഥാനത്തെ ഐ.ടി. വികസന വ്യാപനം

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ ; | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ ഐ.ടി. വികസനം ചില പ്രധാന പട്ടണങ്ങളെ മാത്രം കേന്ദ്രീകരിച്ച് പരിമിതപ്പെട്ടു പോകുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) യും (ബി) യും<br><br>ഇല്ല. സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ആദ്യംതന്നെ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക എന്നത് പ്രായോഗികമല്ല. വൻകിട നഗരങ്ങളും മറ്റ് പ്രധാന കേന്ദ്രങ്ങളിലും വിജയകരമായി ഐ.ടി. പാർക്കുകൾ പ്രവർത്തിച്ചുതുടങ്ങിയതിന് ശേഷമേ എല്ലാ പട്ടണങ്ങളെയും കേന്ദ്രീകരിച്ച് ഐ.ടി. പാർക്കുകൾ തുടങ്ങുവാൻ കഴിയൂ. എന്നാൽ എല്ലാ പ്രദേശങ്ങളിലും ഐ.ടി. വികസനം എത്തിക്കുന്നതിന് വേണ്ടി ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ ഐ.ടി. വ്യവസായം സംസ്ഥാനത്താകെ വ്യാപിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |
| സി) എല്ലാ ജില്ലകളിലും ടെക്നോപാർക്കിന്റെ ഹബ്ബുകൾ സ്ഥാപിച്ച് ഐ.ടി. വികസനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ ? | സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി ഐ.ടി. വ്യവസായം വിപുലീകരിക്കുന്നതിലേയ്ക്കായി ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലാണ് സംസ്ഥാനത്ത് ഐ.ടി. പാർക്കുകൾ സ്ഥാപിച്ചുവരുന്നത്. പ്രധാന നഗരങ്ങൾ ഹബ്ബ് ആയും മറ്റ് പ്രദേശങ്ങൾ ബന്ധപ്പെടുത്തി സ്പോക്കുകളായും പ്രവർത്തിക്കുന്നു. നഗരത്തിൽ നിന്നും വിട്ടുമാറി സ്ഥിതിചെയ്യുന്ന സ്പോക്കുകളിലേക്ക് വരുവാൻ ഐ.ടി. കമ്പനികൾ പൊതുവെ തയ്യാറാകുന്നില്ല. അതിനാൽ എല്ലാ ജില്ലകളിലും ടെക്നോപാർക്കിന്റെ ഹബ്ബുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ